# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 26<br>**March 26** | **2019** |
|---|---|

*1193 മീനം 12 ചൊവ്വ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലോക്സഭാ തെരഞ്ഞെടുപ്പ് 2019**

**ജില്ലയിൽ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ ഊർജിതം – ജില്ലാ കളക്ടർ**

ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെ ഒരുക്കങ്ങൾ ജില്ലയിൽ ഊർജിതമായി നടന്നുവരികയാണെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ പി.ബി.നൂഹ് പത്രസമ്മേളനത്തിൽ അറിയിച്ചു. ഇത്തവണ തെരഞ്ഞെടുപ്പിൽ ജില്ലയിൽ 1077 പോളിംഗ് സ്റ്റേഷനുകളാണുള്ളത്. ഓരോ സ്റ്റേഷനിലും ഒരു പ്രിസൈഡിംഗ് ഓഫീസർ, മൂന്ന് പോളിംഗ് ഓഫീസർ എന്നിവർ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് ഉണ്ടാകും. 10120 പേരുടെ ഡാറ്റാ എൻട്രി പൂർത്തിയായി കഴിഞ്ഞു. ഇവർക്കുള്ള നിയമന ഉത്തരവ് രണ്ട് ദിവസത്തിനകം അയച്ചുതുടങ്ങും. പോളിംഗ് ഡ്യൂട്ടിയുള്ളവർക്ക് ഏപ്രിൽ ഒന്ന് മുതൽ രണ്ട് ഘട്ടമായി പരിശീലനം നൽകും. ഉദ്യോഗസ്ഥരുടെ താമസ സ്ഥലത്തിന് വെളിയിലുള്ള നിയമസഭാ മണ്ഡലത്തിൽ മാത്രമേ ഡ്യൂട്ടിക്ക് നിയോഗിക്കൂ. 4308 ഉദ്യോഗസ്ഥരെയും 15 ശതമാനം റിസർവ് ഉദ്യോഗസ്ഥരെയുമാണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്.

ആരോഗ്യ പ്രശ്നങ്ങൾ ഉന്നയിച്ചുള്ള അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫിസർ, (ആരോഗ്യം), ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) എന്നിവരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ബോർഡ് പരിശോധിക്കും. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സൗകര്യങ്ങൾ ഉറപ്പുവരുത്താൻ വെൽഫെയർ കമ്മിറ്റിയെ നിയോഗിക്കും. സെൻസിറ്റീവ് ബൂത്തുകളിൽ മൈക്രോ ഒബ്സർവർമാരായി കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരെ നിയമിക്കും.

മണ്ഡലത്തിൽ ആകെ 1437 ബൂത്തുകളാണുള്ളത്. ഇതിൽ 360 ബൂത്തുകൾ കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ നിയമസഭാ മണ്ഡലങ്ങളിലാണ്. വൾണറബിൾ ബൂത്തുകൾ 22 എണ്ണവും സെൻസിറ്റീവ് ബൂത്തുകൾ 171 എണ്ണവുമാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനേക്കാൾ 22342 വോട്ടർമാരുടെ വർധനവുണ്ട്. 14272 പുരുഷന്മാരും 8070 സ്ത്രീകളും ഈ കാലയളവിൽ പുതുതായി വോട്ടർപട്ടികയിൽ പേര് ചേർത്തിട്ടുണ്ട്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനേക്കാൾ 27587 യുവാക്കളാണ് പുതുതായി ലിസ്റ്റിൽ ഉള്ളത്. ഇതിൽ 2165 പേർ 18 വയസുകാരും 4430 പേർ 19 വയസുകാരും 7684 പേർ 20 വയസുകാരും 13308 പേർ 21 വയസുകാരുമാണ്. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള 21709 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്. പ്രവാസികളുടെ 795 അപേക്ഷകളും ഇതിന് പുറമേയുണ്ട്.

ഭിന്നശേഷിക്കാർക്കും കിടപ്പുരോഗികൾക്കും വോട്ടവകാശം വിനിയോഗിക്കുന്നതിന് പോളിംഗ് ബൂത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഏഴായിരത്തോളം ഭിന്നശേഷിക്കാർ വാഹന സൗകര്യം ആവശ്യമുള്ളവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് വാഹന സൗകര്യം ലഭ്യമാക്കും. കെഎസ്ആർടിസിയുമായി സഹകരിച്ചാണ് വാഹനം ക്രമീകരിക്കുന്നത്. എല്ലാ ബൂത്തുകളിലും വീൽചെയർ സൗകര്യം ലഭ്യമാക്കും. വോട്ടവകാശം വിനിയോഗിച്ച ശേഷം ഇവരെ തിരികെ വീടുകളിലെത്തിക്കും. ബൂത്ത് ലെവൽ ഓഫീസർമാരല്ലാത്ത ആയിരത്തോളം അങ്കണവാടി പ്രവർത്തകരുടെ സേവനമാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നത്. എല്ലാ ബൂത്തുകളിലും റാമ്പ് സൗകര്യം, മെഡിക്കൽ കിറ്റ്, വിശ്രമകേന്ദ്രം, കുടിവെള്ള സൗകര്യം, സഹായകേന്ദ്രം, ശൗചാലയം എന്നിവ ഏർപ്പെടുത്തും.

ജില്ലയിൽ ഹരിതതെരഞ്ഞെടുപ്പായി നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. എല്ലാ സ്ഥാനാർഥികളും പാർട്ടികളും ഫ്ളക്സ്, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ, ഡിസ്പോസിബിൾ വസ്തുക്കൾ തുടങ്ങി പ്രകൃതിക്ക് ദോഷമാകുന്ന വസ്തുക്കൾ പ്രചാരണത്തിന് ഉപയോഗിക്കാൻ പാടില്ലെന്ന് നിർദേശം നൽകിയിട്ടുണ്ട്. കൊടിതോരണങ്ങൾ പൂർണമായും പ്ലാസ്റ്റിക്, പിവിസി വിമുക്തമായിരിക്കണം. ഔദ്യോഗിക പരസ്യങ്ങൾക്കും സൂചകങ്ങൾക്കും ബോർഡുകൾക്കും കോട്ടൺ, പേപ്പർ തുടങ്ങിയവ മാത്രം ഉപയോഗിക്കുക. ജില്ലാ, താലൂക്ക്, പഞ്ചായത്ത് തലങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ ഫെസിലിറ്റേഷൻ യൂണിറ്റുകൾ സജ്ജമാക്കും. തെരഞ്ഞെടുപ്പിന് ശേഷം പ്രചാരണ സാമഗ്രികൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കും. ഔദ്യോഗികമായി നൽകുന്ന വോട്ടർ സ്ലിപ്, രാഷ്ട്രീയപാർട്ടികൾ നൽകുന്ന സ്ലിപ്പുകൾ എന്നിവ പോളിംഗ് ബൂത്തിന്റെ പരിസരത്ത് ഉപേക്ഷിക്കാതെ ശ്രദ്ധിക്കണം. ഹരിതതെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്ററെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഹരിത ഇലക്ഷന്റെ ഭാഗമായി വിത്തുകൾ പതിപ്പിച്ച കാർഡുകൾ വിതരണം ചെയ്യും.

ലോക്സഭാ തെരഞ്ഞെടുപ്പ് ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്വീപ്പിന്റെ നേതൃത്വത്തിൽ ഇന്ന് (27) പത്തനംതിട്ട നഗരത്തിൽ കൂട്ടയോട്ടം സംഘടിപ്പിക്കും. ഇവിഎം, വിവിപാറ്റ് യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിനായി ജില്ലയിൽ 31 ടീമുകളെ നിയോഗിച്ചിട്ടുണ്ട്. സ്കൂൾ, കോളജ് തലങ്ങളിലുള്ള പുതിയ വോട്ടർമാരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ജില്ലാ അക്ഷയ കേന്ദ്രവും ജില്ലാ ഇലക്ഷൻ വിഭാഗവും കാമ്പസുകളിൽ നേരിട്ടെത്തി ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ജില്ലയിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലും മാതൃകാ പോളിംഗ് ബൂത്തുകൾ സ്ഥാപിക്കും. എല്ലാ മണ്ഡലങ്ങളിലും കൂട്ടയോട്ടം, വാഹന റാലി, ജാഥകൾ തുടങ്ങിയവയും സംഘടിപ്പിക്കും. 100 വയസ് കഴിഞ്ഞ വോട്ടർമാരെ ആദരിക്കുകയും അവർക്ക് പ്രത്യേക സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. പുതിയ വോട്ടർമാർക്ക് വൃക്ഷത്തൈ സമ്മാനമായി നൽകുന്ന പദ്ധതിയും പരിഗണനയിലാണ്.

ട്രാൻസ്ജെൻഡേഴ്സിനെ സ്വീപ് പദ്ധതിയുടെ ഭാഗമാക്കും. തീം സോംഗ്, സ്ലോഗൻ തയാറാക്കൽ, പോസ്റ്റർ തയാറാക്കൽ, ഫോട്ടോഗ്രാഫി മത്സരങ്ങൾ നടത്തിവരുന്നു. മുൻകാലങ്ങളിൽ വോട്ടിംഗ് ശതമാനം കുറഞ്ഞ പ്രദേശങ്ങളും പ്ലാന്റേഷൻ മേഖലകളും കേന്ദ്രീകരിച്ച് ബോധവത്ക്കരണം നടത്തും. ജില്ലയിലെ കോളജുകളിൽ മോക്ക്പോൾ നടത്തും. റേഷൻ കടകൾ, ആശുപത്രികൾ, വാഹനങ്ങൾ, ഷോപ്പിംഗ് മാളുകൾ, അങ്കണവാടികൾ, കേരള വാട്ടർ അതോറിറ്റി, കെഎസ്ആർടിസി തുടങ്ങി ജനങ്ങൾ കേന്ദ്രീകരിക്കുന്ന സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും അതത് വകുപ്പുമായി ബന്ധപ്പെട്ട് പോസ്റ്റർ പതിച്ച് ബോധവത്ക്കരണം നടത്തും. വോട്ട് അഭ്യർഥിച്ചുകൊണ്ടുള്ള ജില്ലാ കളക്ടറുടെ സന്ദേശം ബിഎസ്എൻഎൽ വഴി വോട്ടർമാർക്ക് നൽകും. സ്കൂളുകൾ, കോളജുകൾ, സർക്കാർ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി ജോലി സ്ഥലം എന്നിവിടങ്ങളിൽ പ്രതിജ്ഞയെടുക്കും. വോട്ട് വണ്ടി മുഖേനയുള്ള പ്രചാരണം എല്ലാ നിയമസഭാ മണ്ഡലങ്ങളിലും നടത്തും. സിനിമാതാരം കൈലാഷാണ് സ്വീപ്പിന്റെ ബ്രാൻഡ് അംബാസഡർ.

ജില്ലയിലെ തെരഞ്ഞെടുപ്പ് ആവശ്യത്തിനായി ആകെ 5098 വോട്ടിംഗ് യന്ത്രങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്. 1842 ബാലറ്റ് യൂണിറ്റ്, 1726 കൺട്രോൾ യൂണിറ്റ്, 1530 വിവി പാറ്റ് എന്നിവ ഇതിൽ ഉൾപ്പെടും. ഇത്തവണ ആദ്യമായി എല്ലാ ബൂത്തുകളിലും വി വി പാറ്റ് മെഷീനുകൾ ഉണ്ടായിരിക്കും. വോട്ടിംഗ് യന്ത്രങ്ങളുടെ ഒന്നാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയാക്കി അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർക്ക് കൈമാറിയിട്ടുണ്ട്. രണ്ടാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയായ ശേഷമേ കാൻഡിഡേറ്റ് സെറ്റിംഗ്, കമ്മീഷനിംഗ് എന്നിവ നടത്തൂവെന്നും ജില്ലാ കളക്ടർ അറിയിച്ചു.

പ്രശ്നസാധ്യതയുള്ള ബൂത്തുകളിൽ കൂടുതൽ പോലീസിനെ ഡ്യൂട്ടിക്ക് നിയോഗിക്കുമെന്ന് ജില്ലാ പോലീസ് മേധാവി ജി.ജയദേവ് അറിയിച്ചു. ഈ ബൂത്തുകളെല്ലാം ക്യാമറ നിരീക്ഷണത്തിലായിരിക്കും. ക്രമസമാധാന പാലനത്തിനും ആവശ്യമായ പോലീസ് സേനയെ നിയോഗിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതുവരെ ജില്ലയിൽ 253 തോക്കുകൾ സറണ്ടർ ചെയ്യപ്പെട്ടിട്ടുണ്ട്. സമൂഹ മാധ്യമങ്ങൾ വഴി അപകീർത്തികരമോ മതസ്പർദ്ധ വളർത്തുന്നതോ ആയ അഞ്ച് പരാതികൾ ലഭിച്ചു. അവ പോലീസിന് കൈമാറിയിട്ടുണ്ട്. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പത്രസമ്മേളനത്തിൽ ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) എസ്.സന്തോഷ് കുമാർ സന്നിഹിതനായിരുന്നു. (ഇലക്ഷൻ: 65/19)

## സ്ഥാനാർഥികൾ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണം

ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികൾ പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. നിലവിലുള്ള ബാങ്ക് അക്കൗണ്ട് ഉപയോഗിക്കുവാൻ പാടുള്ളതല്ല. നാമനിർദേശപത്രിക സമർപ്പിക്കുന്നതിന് കുറഞ്ഞത് ഒരു ദിവസം മുമ്പെങ്കിലും ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരിക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ പി.ബി.നൂഹ് അറിയിച്ചു. ദേശസാൽകൃത ബാങ്ക്, സഹകരണ ബാങ്ക്, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിൽ അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. ഈ അക്കൗണ്ടിന്റെ വിവരങ്ങൾ നാമനിർദേശപത്രിക നൽകുന്ന സമയത്ത് റിട്ടേണിംഗ് ഓഫീസറെ അറിയിക്കണം.

തെരഞ്ഞെടുപ്പിന്റെ നോട്ടിഫിക്കേഷൻ നാളെ (28) പുറപ്പെടുവിക്കും. ഏപ്രിൽ നാല് വരെ നാമനിർദേശപത്രിക സമർപ്പിക്കാം. അഞ്ചിന് സൂക്ഷ്മപരിശോധന. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഏപ്രിൽ എട്ട്. നാളെ (28) രാവിലെ എല്ലാ റിട്ടേണിംഗ് ഓഫീസർമാരുടെയും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരുടെയും ഓഫീസുകളിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തും. ആർഒയുടെ ഓഫീസിന് പുറമെ കോന്നി എആർഒയുടെ ഓഫീസിലും നാമനിർദേശപത്രിക സ്വീകരിക്കും. എല്ലാ ദിവസവും രാവിലെ 11മുതൽ വൈകിട്ട് മൂന്ന്

വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരമുള്ള പൊതുഅവധി ദിവസങ്ങളിൽ നാമനിർദേശപത്രിക സ്വീകരിക്കില്ല.

നാമനിർദേശപത്രികയ്ക്കൊപ്പം പുതുക്കിയ ഫോർമാറ്റിൽ സത്യവാങ്മൂലം സമർപ്പിക്കണം. ദേശീയ/അംഗീകൃത പാർട്ടികളുടെ സ്ഥാനാർഥിയെ മണ്ഡലത്തിലെ ഒരു വോട്ടർ പിന്താങ്ങിയിരിക്കണം. അല്ലാതുള്ളവരെ 10 വോട്ടർമാർ പിന്തുണയ്ക്കേണ്ടതുണ്ട്. ഓരോ സ്ഥാനാർഥികളും അവരുടെ ക്രിമിനൽ കേസ്, ആസ്തി, ബാധ്യത എന്നിവ സംബന്ധിച്ച് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന് മുമ്പാകെയോ നോട്ടറി അല്ലെങ്കിൽ കമ്മീഷണർ ഓഫ് ഓത് മുമ്പാകെയോ സത്യപ്രതിജ്ഞ ചെയ്യേണ്ടതാണ്. സ്ഥാനാർഥികൾ അവരുടെ തീർപ്പാകാത്ത കേസുകളും ശിക്ഷിക്കപ്പെട്ട കേസുകളും സംബന്ധിച്ച് മണ്ഡലത്തിൽ പ്രചാരമുള്ള പത്രത്തിൽ പരസ്യം നൽകേണ്ടതാണ്. നാമനിർദേശപത്രിക പിൻവലിക്കേണ്ട തീയതിക്ക് തൊട്ടടുത്ത ദിവസം മുതൽ തെരഞ്ഞെടുപ്പിന് രണ്ട് ദിവസം മുമ്പുവരെയുള്ള വ്യത്യസ്ത തീയതികളിലായിരിക്കണം പരസ്യം നൽകേണ്ടത്. ഇതേ വിവരം മൂന്ന് തവണ ടി.വി ചാനലുകളിലും പ്രസിദ്ധീകരിക്കണം. തങ്ങളുടെ കേസുകളെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട രാഷ്ട്രീയപാർട്ടിയെ അറിയിച്ചിട്ടുള്ള കാര്യവും മത്സരിക്കുന്നവർ സത്യവാങ്മൂലത്തിൽ വ്യക്തമാക്കണം.

ജനറൽ വിഭാഗത്തിലുള്ള സ്ഥാനാർഥികൾ 25000 രൂപയാണ് കെട്ടിവയ്ക്കേണ്ടത്. എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ളവർ 12500 രൂപ കെട്ടിവയ്ക്കണം. ഇവർ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം. നാമനിർദേശപത്രിക സമർപ്പിക്കാനെത്തുമ്പോൾ റിട്ടേണിംഗ് ഓഫീസറുടെ ഓഫീസ് പരിധിയിൽ 100 മീറ്ററിനുള്ളിൽ മൂന്ന് വാഹനങ്ങൾക്ക് മാത്രമേ പ്രവേശനം അനുവദിക്കൂ. സ്ഥാനാർഥി ഉൾപ്പെടെ അഞ്ച് പേർ മാത്രമേ റിട്ടേണിംഗ് ഓഫീസറുടെ മുറിയിൽ പ്രവേശിക്കാവൂ. സ്ഥാനാർഥി അല്ലെങ്കിൽ പ്രൊപ്പോസർ ആയിരിക്കണം നാമനിർദേശ പത്രിക നൽകേണ്ടത്. ഇതിന്റെ രസീത് സ്ഥാനാർഥിക്ക് നൽകുമ്പോൾ ചിഹ്നം അനുവദിക്കുന്നതിനുള്ള തീയതിയും സ്ഥലവും സമയവും സംബന്ധിച്ചുള്ള അറിയിപ്പ് നൽകുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (ഇലക്ഷൻ: 66/19)

## മാതൃകാ പെരുമാറ്റച്ചട്ടലംഘനം:
## ഇതുവരെ നീക്കം ചെയ്തത് 15000 പ്രചാരണ സാമഗ്രികൾ

മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിൽ നിന്നും 15000 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തതായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ പി.ബി.നൂഹ് അറിയിച്ചു. 12331 പോസ്റ്ററുകളും 1434 ഫ്ളക്സുകളും 1000 കൊടികളും 15 ചുവരെഴുത്തുകളും നീക്കം ചെയ്തവയിൽ ഉൾപ്പെടുന്നു. പൊതുസ്ഥലങ്ങളിൽ ഇത്തരത്തിൽ സ്ഥാപിക്കുന്ന തെരഞ്ഞെടുപ്പ് സാമഗ്രികൾ ബന്ധപ്പെട്ടവർ ഉടൻ നീക്കം ചെയ്യണം. അല്ലാത്തപക്ഷം സർക്കാർ ചെലവിൽ നീക്കം ചെയ്യുകയും നഷ്ടപരിഹാരം സ്ഥാനാർഥിയുടെ ചെലവിൽ ഉൾപ്പെടുത്തുകയും ചെയ്യും.

45 സ്ക്വാഡുകളാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. വിശദമായ വാഹന പരിശോധന ഉൾപ്പെടെയുള്ളവ നടന്നുവരുന്നു. കണക്കിൽപ്പെടാത്തതും രേഖയില്ലാത്തതുമായ പണവും പിടിച്ചെടുക്കുന്നുണ്ട്. 518000 രൂപയും മൂന്ന് ലിറ്റർ മദ്യവും ഇതുവരെ പിടിച്ചെടുത്തു. മാതൃകാ പെരുമാറ്റച്ചട്ട ലംഘനത്തിനെതിരെ നടപടിയെടുക്കുന്ന ഉദ്യോഗസ്ഥരെ തടയുകയോ ആക്രമിക്കുകയോ ചെയ്താൽ അവർക്കെതിരെ കർശന നടപടിയുണ്ടാകും.

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുതുതായി അവതരിപ്പിച്ച സി-വിജിലിൽ ആപ്പ് മുഖേന തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനം സംബന്ധിച്ച് ഇതുവരെ 24 കേസാണ് ലഭിച്ചിട്ടുള്ളത്. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഈ ആപ്പ് ഡൗൺലോഡ് ചെയ്ത് പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.പരാതി നൽകി 100 മിനിറ്റനകം പരിഹാരം ഉണ്ടാകുമെന്നതാണ് ഈ സംവിധാനത്തിന്റെ മേന്മയെന്നും അദ്ദേഹം പറഞ്ഞു. (ഇലക്ഷൻ 67/19)

## സന്ദേശ പ്രചരണ റാലിയും കൂട്ടയോട്ടവും ഇന്ന് (27)

വോട്ടർ ബോധവത്ക്കരണ പദ്ധതിയായ സ്വീപ്പിനോടനുബന്ധിച്ച് ഇന്ന് (27) പത്തനംതിട്ടയിൽ സന്ദേശ പ്രചാരണ റാലിയും കൂട്ടയോട്ടവും നടത്തുമെന്ന് ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി.നൂഹ് അറിയിച്ചു. രാവിലെ ഏഴിന് കളക്ടറേറ്റിൽ നിന്നും ആരംഭിച്ച് സെൻട്രൽ ജംഗ്ഷൻ വഴി പുതിയ പ്രൈവറ്റ് ബസ് സ്റ്റാൻഡിലെത്തി അബാൻ ജംഗ്ഷൻ വഴി വീണ്ടും സെൻട്രൽ ജംഗ്ഷനിലെത്തി പോസ്റ്റാഫീസ് ജംഗ്ഷൻ വഴി മുനിസിപ്പൽ സ്റ്റേഡിയത്തിൽ സമാപിക്കുന്ന രീതിയിലാണ് റാലി സംഘടിപ്പിച്ചിട്ടുള്ളത്. എൻസിസി കേഡറ്റുകൾ, നാഷണൽ സർവീസ് സ്കീം അംഗങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ, ഇലക്ടറൽ ലിറ്ററസി ക്ലബ് അംഗങ്ങൾ, നഴ്സിംഗ് വിദ്യാർഥികൾ, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള വിദ്യാർഥികൾ, യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വിവിധ ക്ലബ് അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ റാലിയിൽ പങ്കെടുക്കും. തുടർന്ന് ജനാധിപത്യസംരക്ഷണ പ്രതിജ്ഞയെടുക്കും.

(ഇലക്ഷൻ: 68/19)

## വോട്ടെണ്ണൽ കേന്ദ്രവും പോളിംഗ് സാമഗ്രികളുടെ വിതരണ കേന്ദ്രവും കളക്ടർ സന്ദർശിച്ചു

ലോക്സഭാ തെരഞ്ഞെടുപ്പിൽ പത്തനംതിട്ട മണ്ഡലത്തിന്റെ വോട്ടെണ്ണൽ കേന്ദ്രമായി പരിഗണിക്കുന്ന മൈലപ്ര മൗണ്ട് ബഥനി സ്കൂളും, പോളിംഗ് സമഗ്രികളുടെ വിതരണ കേന്ദ്രവും വോട്ടെണ്ണൽ കേന്ദ്രവുമായി പരിഗണിക്കുന്ന കോഴഞ്ചേരി സെന്റ് തോമസ് കോളേജും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി നൂഹ് സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി. ഏഴു നിയമസഭാ മണ്ഡലങ്ങളിലെ വി വി പാറ്റ് മെഷീനുകൾ ക്രമീകരിക്കുന്നതാനായി കൂടുതൽ സ്ഥലസൗകര്യങ്ങൾ ആവശ്യമാണെന്നും അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി തിരഞ്ഞെടുപ്പ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും ജില്ലാ കളക്ടർ അറിയിച്ചു. ഡെപ്യൂട്ടി കളക്ടർമാരായ എസ്. സന്തോഷ് കുമാർ, വി.ജയമോഹൻ, തെരഞ്ഞെടുപ്പ് വിഭാഗം ഉദ്യോഗസ്ഥർ തുടങ്ങിയവർ കളക്ടറോടൊപ്പമുണ്ടായിരുന്നു. (ഇലക്ഷൻ: 69/19)

## സൂര്യാതപ മുന്നറിയിപ്പ് അവഗണന: തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുന്നു

സൂര്യാഘാത സാധ്യത കണക്കിലെടുത്ത് മുൻകരുതൽ എന്ന നിലയിൽ ജോലി സമയം പുനക്രമീകരിച്ച് പകൽ 12 മുതൽ മൂന്ന് വരെ വെയിലത്ത് തൊഴിലാളികളെ ജോലി ചെയ്യിക്കരുതെന്ന് ലേബർ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനോടനുബന്ധിച്ച് തൊഴിൽ വകുപ്പ് ഇൻസ്പെക്ടർമാർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധന നടത്തിയതിൽ ഉത്തരവ് ലംഘിച്ച് കെട്ടിട നിർമാണം, റോഡ് നിർമാണം, പാലം നിർമാണം തുടങ്ങിയ ജോലികൾ ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 12 മുതൽ മൂന്ന് വരെയുള്ള സമയത്തെ നിർമാണം നിർത്തിവയ്പ്പിച്ച് ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകി. ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ വരും ദിവസങ്ങളിൽ കൂടുതൽ പരിശോധന നടത്തുമെന്ന് തൊഴിൽ വകുപ്പ് അധികൃതർ അറിയിച്ചു. (പിഎൻപി 964/19)

## കൊതുക് നശീകരണത്തിന് വിദ്യാർഥി കൂട്ടായ്മ

കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശത്ത് കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പിനൊപ്പം വിദ്യാർഥികളും. വാര്യാപുരം, പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ വിവിധ വാർഡുകൾ എന്നിവിടങ്ങളിലാണ് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ സുവോളജി വിഭാഗം വിദ്യാർഥികൾ ആരോഗ്യ വകുപ്പിനൊപ്പം കൊതുക് നശീകരണത്തിൽ പങ്കാളികളായത്. ആരോഗ്യ ജാഗ്രതയുടെ ഭാഗമായി നാഷണൽ ഹെൽത്ത് മിഷനുമായി സഹകരിച്ചാണ് കൊതുക് നശീകരണം നടത്തിയത്. ജില്ലാ മലേറിയ ഓഫീസർ വി.രാജശേഖരൻ നേതൃത്വം നൽകി. കൂടുതൽ കോളജുകളുമായി സഹകരിച്ച് ഇത്തരം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ അറിയിച്ചു. (പിഎൻപി 965/19)

## ശരണബാല്യം പദ്ധതി ജില്ലാതല ശില്പശാല സംഘടിപ്പിച്ചു

വനിതാ ശിശു വികസന വകുപ്പ് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന ശരണബാല്യം പദ്ധതിയുടെ ഭാഗമായി പത്തനംതിട്ടയിൽ സ്റ്റേക്ക് ഹോൾഡേഴ്സിനുള്ള ജില്ലാതല ശില്പശാല നടത്തി. ബാല-കൗമാരവേല-തൊഴിൽ നിയമം പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ ആക്റ്റ് 1986 സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡീയർ ഫോർ എൻഫോഴ്സ് മെന്റ് ഓഫ് ചൈൽഡ് ആൻഡ് അഡോളസെന്റ് ആക്റ്റ്, ബാലനീതി നിയമം,പോക്സോ നിയമം എന്നീ വിഷയങ്ങളിൽ അധികരിച്ചുള്ളതായിരുന്നു ശില്പശാല. നോബൽ സമ്മാന ജേതാവ് ആയ കൈലേഷ് സത്യാർഥിയുടെ ബെച്ച്പൻ ബെച്ചാവോ ആന്ദോളൻ എന്ന സംഘടനയുടെ സഹകരണത്തോടെയാണ് ശില്പശാല സംഘടിപ്പിച്ചത്. ജില്ലാ വനിതാ ശിശു വികസന വകുപ്പ് ഓഫീസർ എൽ. ഷീബാ അധ്യക്ഷത വഹിച്ചു. ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻ അഡ്വ. റ്റി സക്കീർ ഹുസൈൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ഡിവൈ.എസ്.പി ഡി.സി.ആർ.ബി അനിൽകുമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ ആൻ ഡാർളി വർഗീസ്, ബെച്ച്പൻ ബെച്ചാവോ ആന്ദോളൻ സംഘടന സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ഉല്ലാസ് സ്കറിയ, ജില്ലാ പ്രൊബേഷൻ ഓഫീസർ എ. ഒ.അബീൻ, ചൈൽഡ് ലൈൻ ജില്ലാ കോ-ഓർഡിനേറ്റർ ഡേവിഡ് റെജി മാത്യൂ, അഡ്വക്കേറ്റ് കെ.അജിത, ബിനി മറിയം ജേക്കബ്, ഷാൻ രമേശ് ഗോപൻ തുടങ്ങയവർ സംസാരിച്ചു.

(പിഎൻപി 966/19)

## കടാശ്വാസത്തിന് അപേക്ഷിക്കാം

2008 ഡിസംബർ 31വരെ മത്സ്യത്തൊഴിലാളികൾ വിവിധ ആവശ്യങ്ങൾക്കായി എടുത്ത വായ്പകൾക്കും 2007 ഡിസംബർ 31വരെ എടുത്ത വായ്പകളിൽ കടാശ്വാസത്തിന് നിശ്ചിത തീയതിക്കകം അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്കും കടാശ്വാസത്തിന് അപേക്ഷിക്കാം. അപേക്ഷാഫോറത്തിന്റെ മാതൃക (ഫാറം സി) ഫിഷറീസ് വകുപ്പിന്റേയും (www.fisheries.kerala.gov.in) മത്സ്യഫെഡിന്റെയും (www.matsyafed.in)വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ ഈ മാസം 29, 30 തീയതികളിൽ പരുമല ഫിഷ്ലാന്റിംഗ് സെന്ററിൽ സ്വീകരിക്കും. (പിഎൻപി 967/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ശരണബാല്യം പദ്ധതിയുടെ ഭാഗമായി പത്തനംതിട്ടയിൽ നടന്ന ശില്പശാല ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻ അഡ്വ. റ്റി സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്യുന്നു.
2) ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെ ഒരുക്കങ്ങൾ വിശദീകരിക്കുന്നതിന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ പി.ബി.നൂഹ് കളക്ടറേറ്റിൽ

പത്രസമ്മേളനം നടത്തുന്നു. ജില്ലാ പോലീസ് മേധാവി ജി.ജയദേവ്, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ്.സന്തോഷ് കുമാർ എന്നിവർ സമീപം.

3) ലോക്സഭാ തെരഞ്ഞെടുപ്പിൽ പോളിംഗ് സമഗ്രികളുടെ വിതരണ കേന്ദ്രവും വോട്ടെണ്ണൽ കേന്ദ്രവുമായി പരിഗണിക്കുന്ന കോഴഞ്ചേരി സെന്റ് തോമസ് കോളേജ് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി നൂഹ് സന്ദർശിക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**